(ബി) വൈദ്യുതി നിലയങ്ങളുടെ അറ്റക്കുറ്റപ്പണി പൂർത്തിയായിട്ടുണ്ടോ ;

(സി) അറ്റകുറ്റപ്പണി ചെയ്യുന്നത് ഏതെല്ലാം കമ്പനികളാണെന്നും കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഏർപ്പെടുത്തിയിട്ടില്ല.

(ബി) 2014-15 ജലവർഷത്തിൽ ചെയ്യേണ്ടിയിരുന്ന വാർഷിക അറ്റകുറ്റ പണികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ (Annual Maintenance, Monthly Maintenance) സാധാരണ നിലയിൽ ബോർഡ് ജീവനക്കാർതന്നെ ചെയ്യുന്നു. ബോർഡ് ജീവനക്കാർക്ക് മാത്രമായി ചെയ്യുവാൻ സാധ്യമല്ലാത്ത ജോലികൾ ടെണ്ടർ/ക്വട്ടേഷൻ അടിസ്ഥാനത്തിൽ കരാർ നൽകുന്നു. ഇതിനായി സ്ഥിരം കോൺട്രാക്ടിംഗ് കമ്പനിയെ ഏർപ്പെടുത്തിയിട്ടില്ല.

**കൂടംകുളം ആണവ നിലയത്തിൽനിന്നുള്ള വൈദ്യുതി**

**43 (388)** <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടംകുളം ആണവ നിലയത്തിൽനിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം ലഭിച്ചു തുടങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വൈദ്യുതി കേരളത്തിലേക്ക് കൊണ്ടുവരുന്നത് ഏത് വഴിയാണ് ; ഏതെല്ലാം പ്രദേശത്തിലൂടെയാണ് എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത ലൈനിന്റെ പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കുവാനുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് പൂർത്തീകരിക്കാത്തത് എന്നും എവിടെയാണ് പ്രവൃത്തികൾ ബാക്കിയുള്ളത് എന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2000 മെഗാവാട്ട് (1000 മെഗാവാട്ടിന്റെ 2 യൂണിറ്റ്) സ്ഥാപിതശേഷിയുള്ള കൂടംകുളം നിലയത്തിൽനിന്നും കെ.എസ്.ഇ.ബി. ലിമിറ്റഡിന് അർഹമായ വിഹിതം 266 മെഗാവാട്ടാണ് (13.3%). ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ള 1000 മെഗാവാട്ടിന്റെ ഒരു യൂണിറ്റിൽനിന്നും 133 മെഗാവാട്ട് വൈദ്യുതി ലഭിച്ചുവരുന്നു.

(ബി) ബാധകമല്ല.

(സി) കൂടംകുളം ആണവനിലയത്തിൽനിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി പൂർണ്ണമായും ലഭ്യമാക്കുന്നതിനുവേണ്ടി തിരുനെൽവേലി മുതൽ തൃശ്ശൂർ മാടക്കത്തറവരെ 400 കെ.വി. പവർ ലൈൻ നിർമ്മാണം നടന്നുവരുന്നു. ടി ലൈനിന്റെ നിർമ്മാണ പ്രവൃത്തികൾ പവർ ഗ്രിഡ് കോർപ്പറേഷൻ (PGCIL) ആണ് നടപ്പിലാക്കുന്നത്. പ്രസ്തുത ലൈൻ റൂട്ടിൽ ഇടമൺ മുതൽ കൊച്ചി ഈസ്റ്റ് (പള്ളിക്കര) വരെയുള്ള ഭാഗംഒഴിച്ച് തിരുനെൽവേലി മുതൽ ഇടമൺ വരെയും മാടക്കത്തറ മുതൽ പള്ളിക്കര വരെയുമുള്ള 400 കെ.വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലൂടെയാണ് പ്രസ്തുത ലൈൻ കടന്നുപോകുന്നത്.

(ഡി) ടി ലൈനിന്റെ ഇടമൺ മുതൽ കൊച്ചി ഈസ്റ്റ് (പള്ളിക്കര) വരെയുള്ള ഭാഗം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

(ഇ) 400 കെ.വി. ഇടമൺ മുതൽ കൊച്ചി ഈസ്റ്റ് (പള്ളിക്കര) വരെയുള്ള ലൈൻറൂട്ടിൽ തദ്ദേശവാസികളുടെ എതിർപ്പുമൂലം നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുകയായിരുന്നു. ലൈൻറൂട്ടിലെ തർക്കങ്ങൾ പരിഹരിച്ച് പണി പുനരാരംഭിക്കുവാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

## വൈദ്യുതി ഉപഭോക്താക്കളുടെ പേരും അഡ്രസ്സും മാറ്റുന്നതിനുള്ള നടപടികൾ

**44 (389)** ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ പേരും അഡ്രസ്സും മാറ്റുന്നതിന് കെ.എസ്.ഇ.ബി. ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ ;